*21.04.2016*



**എ**റണാകുളം നോർത്ത് ടൗൺ ഹാളിന്റെ കിഴക്കേ ഭാഗത്തുള്ള കലാഭവൻ റോഡ് വടക്കേയറ്റത്ത് ഓവർബ്രിഡ്ജിന് കീഴിലുള്ള സർവ്വീസ് റോഡിൽ പ്രവേശിക്കുന്ന റോഡിന്റെ ബെൽ മൗത്ത് വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഈ റോഡിൽ സ്ഥിതി ചെയ്തിരുന്ന, മാറ്റി സ്ഥാപിക്കപ്പെട്ട ട്രാൻസ്ഫോർമറിന്റെ ബേസ്മെന്റ് ഭാഗം മേയറുടെ നേതൃത്വത്തിൽ പൊളിച്ച് നീക്കം ചെയ്തു. ഇതിലൂടെ ഈ റോഡിൽ അനുഭവിച്ചിരുന്ന ഗതാഗതക്കുരുക്കിന് ഒരു പരിധി വരെ പരിഹാരം ആകും.

*01.04.2016*

**2**015–16 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് വിഹിതം 71.88 ശതമാനം ചെലവഴിച്ചുകൊണ്ട് കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ സംസ്ഥാനത്തു തന്നെ ഏറ്റവും കൂടുതൽ പ്ലാൻ ഫണ്ട് വിനിയോഗിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൊന്നായി മാറി. വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), 13–ാം ധനകാര്യ കമ്മീഷൻ തുക, മെയിന്റനൻസ് ഫണ്ട് റോഡ്, മെയിന്റനൻസ് ഫണ്ട് റോഡിതരം എന്നിവയടക്കമുള്ള എല്ലാ മേഖലകളിലും കാര്യക്ഷമമായി ഫണ്ട് വിനിയോഗിച്ചുകൊണ്ട് സംസ്ഥാന ആവറേജിനും മുകളിലെത്തുന്നതിന് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന് സാധിച്ചിട്ടുണ്ട്. കൃത്യമായ ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി തന്നെ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് സാധിച്ചത് കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ മികച്ച പ്രവർത്തനഫലമായിട്ടാണ്.

*01.04.2016*

**ക**ഴിഞ്ഞ കൗൺസിലിന്റെ കാലത്ത് ആരംഭിച്ച കൊച്ചി മുനിസിപ്പൽ കോർപ്പറേഷന്റെ പുതിയ മെയിൻ ഓഫീസിന്റെ പുനനിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിന് വേണ്ടി മേയർ, ഡെപ്യൂട്ടി മേയർ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഗ്രേസി ജോസഫ്, ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അഡ്വ. മിനിമോൾ വി.കെ, മരാമത്ത് കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.എം ഹാരിസ്, ടൗൺ പ്ലാനിംഗ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഷൈനി മാത്യു, ടാക്സ് അപ്പീൽ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ കെ.വി.പി കൃഷ്ണകുമാർ, എക്സിക്യൂട്ടീവ് എൻജനീയർ രേണുക കെ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജനീയർ ഷീജ എന്നിവരടങ്ങുന്ന സംഘം 01.04.2016 രാവിലെ 11.30 മണിക്ക് ഹൈക്കോർട്ടിനു സമീപമുള്ള വർക്ക് സൈറ്റ് സന്ദർശിച്ചു

ആറ് മാസങ്ങൾക്ക് മുമ്പ് ആരംഭിച്ച പുനർനിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച വേഗതയിൽ തന്നെയാണ് നീങ്ങുന്നത് എന്ന് സംഘം വിലയിരുത്തി.

ഈ നിലയിൽ പ്രവർത്തനം തുടരുകയാണെങ്കിൽ ഒരു വർഷത്തിനുള്ളിൽ തന്നെ ഈ ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കാം എന്ന് കരാറുകാരൻ ഉറപ്പ് നൽകി.

എട്ട് നിലകളുള്ള ഈ കെട്ടിടത്തിന്റെ ഒരു ഭാഗത്ത് ആറാം നിലയുടെ നിർമ്മണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. കൗൺസിൽ ഹാളിന്റെ റൂഫ് കൺസ്ട്രക്ഷൻ ആയിട്ടുണ്ട്. മറ്റ് പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്.

